# Visit of H.E. Mr. Nikola Selaković, Minister of Foreign Affairs of Serbia to India

September 21, 2021

---

**സെർബിയ വിദേശകാര്യമന്ത്രി നിക്കോള സെലകോവികിന്റെ ഇന്ത്യൻ സന്ദർശനം**
സെപ്റ്റംബർ 21, 2021

സെർബിയ രാഷ്ട്രപതിയുടെ പ്രത്യേക സന്ദേശ പ്രതിനിധിയായി സെർബിയ വിദേശകാര്യമന്ത്രി നിക്കോള സെലകോവിക് 2021 സെപ്റ്റംബർ 19 -20 തിയ്യതികളിൽ ഇന്ത്യയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി.

സന്ദർശന വേളയിൽ അദ്ദേഹം ഇന്ത്യയുടെ ബഹുമാനപ്പെട്ട ഉപരാഷ്ട്രപതിയെ സന്ദർശിക്കുകയും വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറുമായും വിദേശകാര്യ സാംസ്കാരിക വകുപ്പ് സഹമന്ത്രി ശ്രീമതി മീനകാശി ലെഖിയുമായും ചർച്ച നടത്തുകയും ചെയ്തു.
3. ചേരിചേരാ പ്രസ്ഥാനത്തിന്റെ സഹസ്ഥാപകർ എന്ന നിലയിൽ ഇന്ത്യയും സെർബിയയും പരമ്പരാഗത സമയം മുതൽ തന്നെ സഹകരണാടിസ്ഥാനത്തിലുള്ള സൗഹൃദപരമായ ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നു. ഇവ പരസ്പര പ്രാധാന്യമുള്ള ഉഭയകക്ഷി, അന്തർദേശീയ വിഷയങ്ങളിലെ അടുത്ത സഹകരണം കൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നവയാണ്.ആദ്യ NAM കോൺഫറൻസിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ച് 2021 ഒക്ടോബർ 11-12 ന് ബെൽഗ്രേഡിൽ സെർബിയ സംഘടിപ്പിക്കുന്ന അനുസ്മരണ പരിപാടിയിലേക്ക് എല്ലാ വിജയാശംസകളും ഇന്ത്യൻ സംഘം പങ്കുവയ്ച്ചു.

4. Bഅടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ വിദേശകാര്യ ഓഫീസ് കൺസൾട്ടേഷനുകളുടെയും സംയുക്ത സഹകരണ കമ്മീഷന്റെയും അടുത്ത ഘട്ടങ്ങൾ നടത്തുന്നതുൾപ്പെടെ ഉഭയകക്ഷി ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുന്നതിനും ഗഹനമാക്കുന്നതിനും ഇരുവിഭാഗത്തിലെയും കാഴ്ചപ്പാടുകൾ സമഗ്രമായ ചർച്ചകൾക്ക് വിധേയമാക്കി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉയർന്ന തലത്തിലുള്ള കൈമാറ്റങ്ങൾ തുടരുന്നതിൽ അവർ സംതൃപ്തി പ്രകടിപ്പിക്കുകയും കൃഷി, ഭക്ഷ്യ സംസ്കരണം, രാസവസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ്, ഇലക്ട്രോണിക്സ്, IT & ITes , ഹെവി എഞ്ചിനീറിങ്, മെഷീനറി & എക്വിപ്മെന്റ്, അടിസ്ഥാന സൗകര്യങ്ങൾ, നിർമ്മിതികൾ തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

5. ആദ്യ NAM കോൺഫറൻസിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ച് 2021 ഒക്ടോബർ 11-12 ന് ബെൽഗ്രേഡിൽ സെർബിയ സംഘടിപ്പിക്കുന്ന അനുസ്മരണ പരിപാടിയിലേക്ക് എല്ലാ വിജയാശംസകളും ഇന്ത്യൻ സംഘം പങ്കുവയ്ച്ചു.

6. നയതന്ത്ര മിഷനുകളിലെയും കോൺസുലർ തസ്തികകളിലെയും അംഗങ്ങളുടെ ആശ്രിതർക്ക് ലാഭകരമായ തൊഴിൽ സംബന്ധിച്ച കരാറിൽ സന്ദർശനവേളയിൽ ഒപ്പുവച്ചു..

7. പരസ്പര താൽപ്പര്യമുള്ള പ്രാദേശികവും ആഗോളവുമായ പ്രശ്നങ്ങളിൽ രണ്ട് മന്ത്രിമാരും അഭിപ്രായങ്ങൾ പങ്കുവെച്ചു. നിയമവാഴ്ചയും പരമാധികാരം എന്നിവയോടുള്ള ബഹുമാനവും പ്രദേശിക സമഗ്രതയും എല്ലാവരും പാലിക്കേണ്ട അന്താരാഷ്ട്ര ബന്ധങ്ങളുടെ അടിസ്ഥാന തത്വങ്ങളാണെന്ന് അവർ അനുകൂലിച്ചു .

**ന്യൂ ഡൽഹി**
**സെപ്റ്റംബർ 21, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.